സപ്ലൈകോയുടെ 1338 വിപണനകേന്ദ്രങ്ങളിൽ ഇതിനകം 970 ഉപദേശകസമിതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഉപദേശക സമിതി രൂപീകരിക്കപ്പെടാത്ത വിപണനകേന്ദ്രങ്ങളിൽ അവ രൂപീകരിക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ട് 1 മാസം പിന്നിടുന്നു. ഇതിലെ അഭിപ്രായങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പഴകിയ അരി വിതരണത്തിനെതിരെ നടപടി**

**20 (*880)** ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി പുഴുവരിച്ചതും പഴകിയതുമായ അരി വിതരണം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പരാതിയിന്മേൽ പരിശോധന നടത്താറുണ്ടോയെന്ന് അറിയിക്കുമോ ;

(സി) പഴകിയ അരി വിതരണം ചെയ്യുന്നതിന് കാരണക്കാരായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ട ഉടൻ അരി മാറ്റികൊടുത്തിട്ടുണ്ട്.

(ബി) പരാതി ലഭിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലയിലെ വിതുര മാവേലി സ്റ്റോറിൽ നിന്നും 25-6-2014-ൽ വി.വി. ദായിനി യു.പി.സ്കൂളിൽ വിതരണംചെയ്ത അരിയിൽ പുഴുക്കളെ കണ്ടെത്തിയതായി സപ്ലൈകോ തിരുവനന്തപുരം റീജിയണൽ മാനേജരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

മാവേലി സ്റ്റോറിൽ പരിശോധനനടത്തി മോശമായ അരി ഡിപ്പോയിലേക്ക് മാറ്റുകയും ചെയ്തു.

(സി) കുറ്റക്കാരായി തെളിഞ്ഞാൽ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly